## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *193 04.05.2017- ൽ മറുപടിക്ക്**

## "വ്യാവസായിക വളർച്ചക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ നടപടി"

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.എസ്.ശബരീനാഥൻ**
**,, കെ.സി.ജോസഫ്**
**,, റോജി എം. ജോൺ**
**,, സണ്ണി ജോസഫ്**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്ന പദ്ധതിയായ സംരംഭകത്വ സഹായ പദ്ധതി (ESS) വകുപ്പിൽ നിലവിലുണ്ട്. അതിൻ പ്രകാരം താഴെപ്പറയുന്ന സഹായ പദ്ധതികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.<br><br>• പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു പരാമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.<br>• മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ |

| | | | |
|---|---|---|---|
| | | | 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.<br>• ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.<br>• കേന്ദ്ര, സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരാമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും.<br>യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപറയുന്ന പദ്ധതികളും സർക്കാർ നടപ്പിലാക്കുന്നു.<br>• സംരംഭകത്വസഹായ പദ്ധതി പ്രകാരം സ്ഥിരനിക്ഷേപത്തിന്റെ 15% ആണ് സബ്സിഡി നൽകുന്നത് എങ്കിലും യുവസംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായമായി പരമാവധി 30 ലക്ഷം രൂപ നൽകുന്നു.<br>• കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ഇ.ജി.പി പ്രകാരം യുവജനങ്ങൾക്ക് ബാങ്ക് വായ്പയും അനുബന്ധമായി സബ്സിഡിയും അനുവദിക്കുന്നു.<br>• യുവ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി.ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും ചെയ്യുന്നത് കൂടാതെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.<br>• വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ |

| | | | |
|---|---|---|---|
| | | | നടത്തുന്ന ഇ.ഡി.പി, ടെക്നോളജിക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, സെമിനാറുകൾ എന്നിവയിലും യുവാക്കൾക്കാണ് കൂടുതൽ പ്രാതിനിധ്യം നൽകുന്നത്. |
| ബി) | നിലവിൽ ഇതിനായി എത്ര പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ; | ബി) & സി) | പുതിയ വ്യവസായ ആശയങ്ങളുമായി മുന്നോട്ടുവരുന്ന സംരംഭങ്ങൾക്ക് അത് സാക്ഷാത്കരിക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>വ്യവസായ മേഖലയിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്.<br><br>സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം ലഭ്യമാക്കുന്നതിനായി നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്ന ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒരു സ്ഥിരം സെന്റർ (Investment Promotion of Facilitatation Center) കെ.എസ്.ഐ.ഡി.സി യിൽ പ്രവർത്തനം ആരംഭിക്കും. ഈ സംവിധാനം ജില്ലാതലങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് ഡിസ്ട്രിക് കളക്ടർ തലവനായി ഒരു സ്ഥിരം ജില്ലാ സമിതിയും രൂപീകരിക്കുന്നതാണ്.<br><br>ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും ഏജൻസികളിലേയും അപേക്ഷാ ഫോറങ്ങൾ ഏകീകരിക്കുന്നതിനായി ഒരു ഏകീകൃത അപേക്ഷാ ഫാറം കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>• കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് 'ASHA' (Assistance Scheme for Artisans) എന്ന പേരിൽ ഒരു പദ്ധതി ഈ വർഷം സർക്കാർ നടപ്പിലാക്കുന്നുണ്ട് |
| സി) | ഏതെല്ലാം പുതിയ പദ്ധതികളാണ് ഇതിനു വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന, തെന്ന് വിവരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | • കരകൗശല സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി Industries Co-operative Societies Support Scheme (ICSSS) എന്ന പേരിൽ ഒരു പുതിയ പ ദ്ധതി അനുമതിയ്ക്കായി സർക്കാർ പരിഗണനയിലാണ്.<br>• ബനാന ഫൈബർ, കളിമൺ വ്യവസായം സ്ക്രൂപൈൻ, മറ്റ് പ്രകൃതിദത്തനാരുകൾ ബെൽമെറ്റൽ തുടങ്ങിയ മേഖലകളിലെ കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരു ന്നുണ്ട്.<br>• കരകൗശല തൊഴിലാളികളുടെ പ്രോൽസാഹനത്തിന് ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകാൻ പദ്ധതികൾ നടപ്പിലാ ക്കുന്നുണ്ട്.<br>• കരകൗശല മേഖലയിൽ പ ണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുവാൻ കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ധ പരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• കരകൗശല മേഖലയുടെ നവീകരണത്തിനും വിപണനത്തിനുമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**